**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5123** **11-08-2021 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് നിരോധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള പ്ലാസ്റ്റിക്കുകൾക്കാണ് നിരോധനമുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 27.11.2019 ലെ സ.ഉ (കൈ)6/2019/ പരിസ്ഥിതി, 17.12..2019 ലെ സ.ഉ (കൈ)7 /2019/ പരിസ്ഥിതി എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം താഴെ പറയുന്ന ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വ്യക്തികളോ, കമ്പനികളോ, വ്യവസായമോ, സ്ഥാപനമോ മേൽ പറഞ്ഞ പ്രകാരമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുകയോ കൊണ്ടുപോകുകയോ സൂക്ഷിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യാൻ പാടുള്ളതല്ല എന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. • പ്ലാസ്റ്റിക് ക്യാരിബാഗുകൾ (കനം നോക്കാതെ) • ടേബിളിൽ വിരിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റ്, • തെർമോകോൾ, സ്റ്റൈറോ ഫോം എന്നിവ ഉപയോഗിച്ച് ഉണ്ടാക്കുന്ന പ്ലേറ്റുകൾ, കപ്പുകൾ, അലങ്കാര വസ്തുക്കൾ, • ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോ, ഡിഷുകൾ, സ്റ്റിറർ, • പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ പ്ലേറ്റുകൾ, പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ ബൗളുകൾ,പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ ബാഗുകൾ, • നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ലാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ്, • വാർട്ടർ പൗച്ചുകൾ, പാലസ്റ്റിക്ജ്യൂസ് പാക്കറ്റുകൾ(ബ്രാൻഡഡ് അല്ലാത്തവ), • 500 മി. ലിറ്ററിന് താഴെയുള്ള PET /PETE കുടിവെള്ള ബോട്ടിലുകൾ, പ്ലാസ്റ്റിക് ഗാർബേജ് ബാഗുകൾ, • പി.വി.സി. ഫ്ലക്സ് മെറ്റീരിയൽസ് • വില്പനകേന്ദ്രങ്ങളിൽ പഴങ്ങളും പച്ചക്കറികളും പായ്ക്ക് ചെയ്യാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പാക്കറ്റുകൾ |
| (ബി) | പ്ലാസ്റ്റിക് നിരോധന നിയമം കർശനമായി പാലിക്കുന്നതിനും നിയമം നടപ്പിലാക്കുന്നുണ്ടെന്ന് | (ബി) | നിരോധിത പ്ലാസ്റ്റിക് ഉപയോഗിക്കുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി |

| | | | |
|---|---|---|---|
| | പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കാനാകുമോ; വിശദമാക്കുമോ? | | സ്വീകരിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി പ്ലാസ്റ്റിക് ഉപയോഗിക്കുന്നവർക്കെതിരെ നോട്ടീസ് നൽകുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി 2021 ഏപ്രിൽ മാസം വരെ നഗരസഭകളിൽ 16,74,980/-രൂപ പിഴയായി ഈടാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ